# കേരള സർവകലാശാല

നം.പി.ആർ.89a/2020 ഫോൺ: 2305738

## പത്രക്കുറിപ്പ്

### കേരള സർവകലാശാല ഓൺലൈൻ പഠനത്തിന് വികസിപ്പിച്ചെടുത്ത തനത് സോഫ്റ്റ്‌വെയർ UoKmeet ഉദ്ഘാടനം ചെയ്തു

കോവിഡാനന്തര പഠനത്തിന് സഹായകരമാകുന്നതിന് കേരള സർവകലാശാല വികസിപ്പിച്ചെടുത്ത തനത് സോഫ്റ്റ് വെയർ യു ഒ കെ മീറ്റ് (UoKmeet) ബഹു.സർവകലാശാല വൈസ് ചാൻസലർ പ്രൊഫ.(ഡോ.)വി.പി. മഹാദേവൻപിള്ള ഉദ്ഘാടനം ചെയ്തു. ഓൺലൈൻ തൽസമയ ക്ലാസുകൾ, സർവകലാശാലയുടെ ഔദ്യോഗിക മീറ്റിംഗുകൾ, സെമിനാറുകൾ, പിഎച്.ഡി ഓപ്പൺ ഡിഫൻസ് എന്നിവ സുഗമമായി നടത്തുന്നതിന് ഉപകാരപ്രദമാണ് UoKmeet. ഗൂഗിൾമീറ്റ്, സൂം ആപ്പ് തുടങ്ങിയ പ്രൊപ്രയറ്ററി സോഫ്റ്റ്‌വെയറുകൾ നൽകുന്ന എല്ലാ സാങ്കേതിക സേവനങ്ങളും ഈ സോഫ്റ്റ്‌വെയറും നൽകുന്നുണ്ട്. അതിനുപുറമെ ഈ സോഫ്റ്റ്‌വെയറുമായി ബന്ധപ്പെട്ട എല്ലാ സാങ്കേതിക വിദ്യയും സ്വതന്ത്ര സോഫ്റ്റ്‌വെയറിലാണ് പ്രവർത്തിക്കുന്നത്. ഈ സോഫ്റ്റ് വെയറിന്റെ പ്രവർത്തനത്തിനു വേണ്ട ഐ.ടി അധിഷ്ഠിത ഉപകരണങ്ങളും സെർവറും സർവകലാശാലയുടെ തന്നെ പൂർണ അധീനതയിൽ കാര്യവട്ടം കാമ്പസിലാണ് സ്ഥാപിച്ചിട്ടുള്ളത്. അതുകൊണ്ടുതന്നെ ഡേറ്റ ചോർച്ചയ്ക്ക് പൂർണ വിരാമമായി. സർവകലാശാലയിലെ എല്ലാ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും ഉപകാരപ്രദമാകുന്ന രീതിയിലാണ് ഇത് രൂപകൽപ്പന ചെയ്തിട്ടുള്ളതെന്ന് സോഫ്റ്റ്‌വെയർ രൂപകൽപ്പനയ്ക്ക് നേതൃത്വം നല്കിയ ഡോ.കെ.സതീഷ് കുമാറും, ശ്രീ.ദിലീപും അറിയിച്ചു. കാര്യവട്ടം കാമ്പസിൽ നടന്ന ചടങ്ങിൽ പ്രോ–വൈസ് ചാൻസലർ പ്രൊഫ.പി.പി.അജയകുമാർ, സിൻഡിക്കേറ്റംഗങ്ങൾ തുടങ്ങിയവർ പങ്കെടുത്തു.

### സി.ബി.സി.എസ്.എസ് ആറാം സെമസ്റ്റർ പരീക്ഷകൾ ജൂൺ 2 മുതൽ എല്ലാ ജില്ലകളിലും ലക്ഷദ്വീപിലും പരീക്ഷാകേന്ദ്രങ്ങൾ

കേരള സർവകലാശാല സി.ബി.സി.എസ്.എസ് ആറാം സെമസ്റ്റർ പരീക്ഷകൾ ജൂൺ 2 ന് ആരംഭിക്കും. ലോക്ഡൗൺ മൂലം യാത്രാക്ലേശം അനുഭവിക്കുന്ന വിദ്യാർത്ഥികൾക്ക് അതത് ജില്ലകളിൽ തന്നെ പരീക്ഷ എഴുതുന്നതിനു വേണ്ടി സർവകലാശാല പരിധിക്ക് പുറത്ത് പത്തും ലക്ഷദ്വീപിലെ വിദ്യാർത്ഥികൾക്കായി കവരത്തിയിലും ഉൾപ്പെടെ പതിനൊന്ന് പരീക്ഷാകേന്ദ്രങ്ങൾ സർവകലാശാല സജ്ജീകരിച്ചിട്ടുണ്ട്. ഗവൺമെന്റ് കോളേജ്, കാസർകോഡ്, കൃഷ്ണമേനോൻ ഗവൺമെന്റ് വനിതാ കോളേജ്, കണ്ണൂർ, ഗവൺമെന്റ് കോളജ്, കൽപ്പറ്റ, വയനാട്,

ഗവൺമെന്റ് ആർട്സ് കോളേജ്, മീഞ്ചന്ത, കോഴിക്കോട്, ഗവൺമെന്റ് കോളേജ്, മലപ്പുറം, ഗവൺമെന്റ് വിക്ടോറിയ കോളേജ്, പാലക്കാട്, ഗവൺമെന്റ് ട്രെയിനിംഗ് കോളേജ്, തൃശ്ശൂർ, മഹാരാജാസ് കോളേജ്, എറണാകുളം, ഗവൺമെന്റ് കോളേജ്, കട്ടപ്പന, ഇടുക്കി, ഗവൺമെന്റ് കോളേജ്, നാട്ടകം, കോട്ടയം എന്നിവയാണ് പരീക്ഷാകേന്ദ്രങ്ങൾ. കോവിഡ് 19 ന്റെ വ്യാപനം തടയുന്നതിന് ആരോഗ്യവകുപ്പിന്റെ എല്ലാ സുരക്ഷാമാനദണ്ഡങ്ങളും പാലിച്ച് പരീക്ഷ നടത്തുന്നതിന് എല്ലാ പ്രിൻസിപ്പൾമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ചുവടെ ചേർത്തിരിക്കുന്ന 22 നിർദ്ദേശങ്ങൾ കർശനമായി പാലിക്കണമെന്ന് സർവകലാശാല പത്രക്കുറിപ്പിൽ അറിയിച്ചു.

1. കോവിഡ് 19 ന്റെ വ്യാപനം തടയുന്നതിന് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള എല്ലാ മാനദണ്ഡങ്ങളും സുരക്ഷാക്രമീകരണങ്ങളും സർവകലാശാല പരീക്ഷാ നടത്തിപ്പിനും ബാധകമാണ്.

2. ലോക്ഡൗൺ മൂലം കഴിഞ്ഞ 3 മാസമായി അടഞ്ഞുകിടക്കുന്ന കോളേജ്/പരീക്ഷാകേന്ദ്രങ്ങളിലെ ക്ലാസ് മുറികൾ, പരീക്ഷാ നടത്തുന്ന ഹാളുകൾ പരീക്ഷാതീയതിക്ക് മുൻപ് തന്നെ അണുവിമുക്തമാക്കേണ്ടതാണ്.

3. ഓരോ പരീക്ഷാ സെഷൻ കഴിയുമ്പോഴും ക്ലാസ് മുറികൾ, പരീക്ഷാ നടത്തുന്ന ഹാളുകൾ അണുവിമുക്തമാക്കേണ്ടതാണ്.

4. ഫയർഫോഴ്സിന്റെ സേവനത്തിലൂടെ അണുവിമുക്ത പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുന്നതിന് അതത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ സഹകരണം ഉറപ്പുവരുത്തേണ്ടത് പ്രിൻസിപ്പളിന്റെ ചുമതലയാണ്.

5. കോളേജ് സ്ഥിതിചെയ്യുന്ന സ്ഥലത്തെ ബന്ധപ്പെട്ട ആരോഗ്യവകുപ്പിനെ പരീക്ഷാതീയതി, സമയം, കുട്ടികളുടെ എണ്ണം എന്നിവ അറിയിക്കുകയും അവരുടെ സേവനം/സഹകരണം എന്നിവ ഉറപ്പുവരുത്തുകയും വേണം.

6. പരീക്ഷാകേന്ദ്രത്തിലേക്ക്/കോളേജിലേക്ക് ഒരു പ്രവേശനകവാടം മാത്രമേ തുറക്കാൻ/അനുവദിക്കാൻ പാടുള്ളൂ.

7. പരീക്ഷാകേന്ദ്രങ്ങളിലേക്ക്/കോളേജുകളിലേക്ക് പരീക്ഷ എഴുതേണ്ട വിദ്യാർത്ഥികൾ, പരീക്ഷാ നടത്തിപ്പ് ചുമതലയുള്ള അദ്ധ്യാപകർ/അനദ്ധ്യാപകർ/ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവരെ അല്ലാതെ ആരെയും അനുവദിക്കാൻ പാടുള്ളതല്ല.

8. സ്ക്രൈബ് ആവശ്യമുള്ള വിദ്യാർത്ഥികൾക്ക് അവരെ സഹായിക്കുന്നതിന് അവരുടെ അപേക്ഷയിൻ മേൽ സഹായിയെ അനുവദിക്കേണ്ടതാണ്.

9. പരീക്ഷാകേന്ദ്രത്തിലേക്ക് പരീക്ഷ തുടങ്ങുന്നതിന് ഒരു മണിക്കൂർ മുൻപ് മാത്രമേ പ്രവേശനം അനുവദിക്കാവൂ. പരീക്ഷ തുടങ്ങി അര മണിക്കൂർ കഴിഞ്ഞ് വരുന്ന വിദ്യാർത്ഥികളെ ഒരു കാരണവശാലും പരീക്ഷാകേന്ദ്രത്തിൽ പ്രവേശിക്കാനോ പരീക്ഷ എഴുതുവാൻ അനുവദിക്കാനോ പാടുള്ളതല്ല.

10. പരീക്ഷാകേന്ദ്രത്തിന്റെ പ്രവേശനകവാടത്തിൽ സോപ്പും വെള്ളവും ഉറപ്പാക്കേണ്ട ചുമതല പ്രിൻസിപ്പാൾ/ചീഫ് സൂപ്രണ്ടിനാണ്.

11. വിദ്യാർത്ഥികൾ നിർബന്ധമായും പ്രവേശന കവാടത്തിൽ ഹാൾടിക്കറ്റ് കാണിച്ച് ബോധ്യപ്പെടുത്തേണ്ടതും നിർബന്ധമായും മാസ്ക് ധരിക്കേണ്ടതുമാണ്. ഒരു കാരണവശാലും കോളേജ്/പരീക്ഷാകേന്ദ്ര പരിസരത്ത് വിദ്യാർത്ഥികളെ ചുറ്റിത്തിരിയാൻ അനുവദിക്കരുത്.

12. കോളേജ്/പരീക്ഷാകേന്ദ്രത്തിന്റെ പ്രവേശനകവാടത്തിൽ വിദ്യാർത്ഥികളുടെ, അദ്ധ്യാപകരുടെ, ബന്ധപ്പെട്ട മറ്റുദ്യോഗസ്ഥരുടെ ശരീരോഷ്മാവ് തെർമൽ സ്കാനർ ഉപയോഗിച്ച് അളക്കേണ്ടതാണ്.

13. ഹോട്ട്സ്പോട്ടുകൾ/ത്രീവമേഖലകൾ എന്നിവിടങ്ങളിൽ നിന്നു വരുന്ന വിദ്യാർത്ഥികൾക്കും ക്വാറന്റെനിലുള്ള വിദ്യാർത്ഥികൾക്കും പരീക്ഷ എഴുതുവാൻ പ്രത്യേക മുറി സജ്ജീകരിക്കണം.

14. എല്ലാ പരീക്ഷാ ഹാളിലും സാനിറ്റൈസർ ഉണ്ടെന്ന് ഉറപ്പുവരുത്തുകയും എല്ലാ വിദ്യാർത്ഥികളും ഇൻവിജിലേറ്റർമാരും അത് ഉപയോഗിച്ച് കൈകൾ വൃത്തിയാക്കിയതിനു ശേഷമെ ചോദ്യപേപ്പറും ഉത്തരക്കടലാസ് വിതരണവും നടത്തുവാൻ പാടുള്ളൂ.

15. വിദ്യാർത്ഥികൾ സാമൂഹിക അകലം പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതും പരീക്ഷാകേന്ദ്രത്തിൽ ഒരു കാരണവശാലും കൂട്ടം കൂടാൻ പാടില്ലാത്തതുമാകുന്നു.

16. വിദ്യാർത്ഥികൾ തമ്മിൽ കുറഞ്ഞത് ഒരു മീറ്റർ അകലമെങ്കിലും പരീക്ഷാഹാളിൽ പാലിക്കേണ്ടതാണ്.

17. ഹസ്തദാനം ഒഴിവാക്കുന്നതിന് പുറമെ പരീക്ഷാ ഹാളിനുള്ളിൽ പേന, പെൻസിൽ, എറേസർ മറ്റു പരീക്ഷാ സഹായ ഉപകരണങ്ങൾ കൈമാറ്റം ചെയ്യാൻ അനുവദിക്കാൻ പാടില്ല.

18. കോളേജ്/പരീക്ഷാകേന്ദ്രത്തിന്റെ മുമ്പിലോ പരിസരത്തോ രക്ഷകർത്താക്കളെ തങ്ങാൻ അനുവദിക്കരുത്.

19. ഇൻവിജലേറ്റേഴ്സ് നിർബന്ധമായും മാസ്കും, ഗ്ലൗസും ധരിക്കണം.

20. പരീക്ഷ കഴിഞ്ഞയുടൻ എത്രയും വേഗം വിദ്യാർത്ഥികൾ പരീക്ഷാകേന്ദ്രത്തിൽ നിന്നും പുറത്തുപോകേണ്ടതാണ്.

21. കോളേജ്/പരീക്ഷാകേന്ദ്രം സ്ഥിതിചെയ്യുന്നിടത്തെ പോലീസ് സ്റ്റേഷനുമായി ബന്ധപ്പെടുകയും സുഗമമായ പരീക്ഷാ നടത്തിപ്പിന് വേണ്ട എല്ലാ സഹായത്തിനും, പരീക്ഷാതീയതികൾ മുൻകൂട്ടി അറിയിക്കേണ്ട ചുമതലയും അതത് പ്രിൻസിപ്പാൾമാർക്കാണ്.

22. സർവകലാശാല പരീക്ഷാ നടത്തിപ്പിന് സാധാരണ നൽകുന്ന തുകയ്ക്ക് പുറമേ കോവിഡ് പ്രോട്ടോക്കോൾ ക്രമീകരണങ്ങൾ ഒരുക്കുന്നതിന് 500 വിദ്യാർത്ഥികൾക്ക് മുക

ളിൽ പരീക്ഷ എഴുതുന്ന പരീക്ഷാകേന്ദ്രങ്ങൾക്ക് പരമാവധി 10000/- രൂപയും 500 വിദ്യാർത്ഥികൾക്ക് താഴെ പരീക്ഷ എഴുതുന്ന പരീക്ഷാകേന്ദ്രങ്ങൾക്ക് പരമാവധി 5000/- രൂപയും സർവകലാശാല നൽകുന്നതാണ്. കോളേജുകളിലെ പ്രിൻസിപ്പൾമാർക്ക് ബില്ലുകൾ സമർപ്പിച്ച് സർവകലാശാലയിൽ നിന്നും ഈ തുക കൈപ്പറ്റാവുന്നതാണ്.

പബ്ലിക്ക് റിലേഷൻസ് ഓഫീസർ

**തിരുവനന്തപുരം**
27.05.2020

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098